DIOCESE OF ALLEPPEY
BISHOP'S HOUSE
P.B. 4804
ALAPPUZHA - 688 012
KERALA, INDIA.

Ph. : 0091-477- 2243363
Fax : 0091-477- 2243362
bpstephen@dioceseofalleppey.org
bpstephen2009@gmail.com
www.dioceseofalleppey.org

**Bishop Stephen Athipozhiyil**

# സന്ദേശം

ആലപ്പുഴ രൂപതയിലെ ഏറ്റവും പൂരാതനമായ ക്രൈസ്തവ കേന്ദ്രങ്ങൾ അർത്തുങ്കലും, പുറക്കാടും ആണ്. ഈശോ സഭാ വൈദികരാണ് കൊച്ചിരാജാവ് രാമവർമ്മയുടെ കാലത്ത് ഈ സ്ഥലങ്ങളിൽ ക്രൈസ്തവ വിശ്വാസം പ്രചരിപ്പിക്കുവാനായിട്ട് പോർച്ചുഗീസുകാരുടെ അംഗീകാരത്തോടെ ഇവിടെ എത്തിയത്. അവിടെ അപ്പോൾ തന്നെ കുറെ ക്രൈസ്തവർ ഉണ്ടായിരുന്നുവെന്ന് സമകാലീന രേഖകൾ ഉദ്ധരിച്ചുകൊണ്ട് ചരിത്രകാരനായ ശ്രീ. ജോസഫ് തെക്കേടത്ത് പ്രതിപാദിക്കുന്നുണ്ട്. ഈശോസഭാ മിഷണറിമാർ കൊച്ചിരാജാവിന്റെ അനുവാദത്തോടെ 1581-ൽ വിശുദ്ധ അന്ത്രയോസിന്റെ പേരിൽ ഒരു ദൈവാലയം പണിതു. 1644-ൽ അർത്തുങ്കൽ മിഷനിൽ 2600 ക്രൈസ്തവർ ഉണ്ടായിരുന്നു വെന്ന് ആ വർഷത്തെ ജസ്യൂട്ട് വാർഷിക റിപ്പോർട്ട് രേഖപ്പെടുത്തുന്നു. അതിൽ 1500 പേർ അർത്തുങ്കലിലും 500 പേർ കടക്കരപള്ളിയിലും 300 പേർ കാട്ടൂരും 150 പേർ മനക്കോടത്തും 150 പേർ തുമ്പോളി യിലുമായിരുന്നു. 1569-ൽ പുറക്കാട് രാജാവ് കൊച്ചിരാജാവിനെ സന്ദർശിക്കുകയും മിഷണറി മാരുമായി സൗഹൃദബന്ധം പുലർത്തുകയും ചെയ്തു. അതിന്റെ ഫലമായി 1570-ൽ പുറക്കാട് പ്രഥമ ലത്തീൻ ക്രിസ്ത്യൻ ദൈവാലയം സ്ഥാപിതമായി. ഇവിടുത്തെ അരയ സമുദായത്തിന്റെ തലവനും പിന്നീട് മത്സ്യതൊഴിലാളികളും കൂട്ടം കൂട്ടമായി ക്രിസ്തുമതം സ്വീകരിച്ചു. ഇവിടെ നിന്നും 1607-ൽ ഈശോസഭക്കാർ തിരിച്ചുവിളിക്കപ്പെട്ടതിനെ തുടർന്ന് ഫ്രാൻസിസ്ക്കൻ വൈദികർ പുറക്കാട് മിഷൻ ഏറ്റെടുത്തു. അർത്തുങ്കലെ പോലെ പുറക്കാടും മാർതോമ ക്രിസ്ത്യാനികളുടെ ഒരു നല്ല ഗണം ഉണ്ടായിരുന്നു. അവർക്ക് പ്രത്യേകമായി ഫ്രാൻസിസ്ക്കൻ വൈദികർ ഒരു ദൈവാലയം പുതുക്കി പണിതുകൊടുത്തു.

1584-ൽ വികാരിയായി സ്ഥാനമേറ്റ ഫാദർ ജെക്കോമോ ഫിനീഷ്യോ എസ്.ജെ. വികാരിയായതിനുശേഷമാണ് 1590-ൽ ഓലകൊണ്ടുള്ള പള്ളിയുടെ സ്ഥാനത്ത് കല്ലുകൊണ്ടുള്ള ദൈവാലയത്തിന്റെ നിർമ്മാണം ആരംഭിച്ചത്. അർത്തുങ്കൽ മിഷന്റെ കീഴിലായി കാട്ടൂർ, തുമ്പോളി, മനക്കോടം, കടക്കരപള്ളി (ഒറ്റമശ്ശേരി) എന്നീ സ്ഥലങ്ങളിൽ പല ഘട്ടങ്ങളിലായി അദ്ദേഹം ദൈവാലയങ്ങൾ സ്ഥാപിക്കുകയുണ്ടായി. 1632-ൽ അർത്തുങ്കലിന്റെ അപ്പസ്തോലൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഫാദർ ഫിനിഷ്യോ അന്തരിച്ചു. 1584 മുതൽ 1602 വരെയും 1619 മുതൽ 1632 വരെയുമുള്ള 31 വർഷത്തെ സുദീർഘമായ സേവനം കാഴ്ചവെച്ച അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പ്രകീർത്തിക്കപ്പെടേണ്ടതാണ്. അർത്തുങ്കലിലെ പഴയ പള്ളിയിൽ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം അന്ത്യവിശ്രമം കൊള്ളുന്നു. ഫാദർ ഫിനിഷ്യോയ്ക്കുശേഷം വികാരിയായി സ്ഥാനമേറ്റ ഫാദർ ഫൊൺസേക്കായുടെ കാലത്ത് 1640-ൽ അർത്തുങ്കൽ ദൈവാലയം പടിഞ്ഞാറോട്ടു ദർശനമായി വീണ്ടും പുതുക്കി പണിയുകയുണ്ടായി. പോർച്ചുഗീസ് മിഷനറിമാരുടെ ഭരണകാലത്ത് പാരീസിൽ നിർമ്മിക്കപ്പെട്ട വിശുദ്ധ സെബസ്ത്യാനോസിന്റെ രൂപം കയറ്റിയിരുന്ന ഒരു കപ്പലുമായി ലിയനാർഡ് ഗൊൺസാൽവസ് ഡിക്രൂസ് എന്ന നാവികൻ ദക്ഷിണപൂർവേഷ്യയെ ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടു. മാസങ്ങൾക്കുശേഷം ആ കപ്പൽ അർത്ഥികുളങ്ങര എന്നറിയപ്പെട്ടിരുന്ന അർത്തുങ്കൽ പ്രദേശത്തിന്റെ പുറം കടലിൽ എത്തി. കടൽക്ഷോഭം നിമിത്തം കപ്പൽ മുങ്ങിപ്പോകുമെന്ന് തോന്നിയപ്പോൾ കപ്പിത്താൻ മനസ്സ് ഉറപ്പിച്ച്

(മറുപുറം)

പ്രാർത്ഥിക്കുകയും കപ്പൽ സുരക്ഷിതമായി അടുപ്പിക്കുവാൻ സാധ്യമാകുന്ന കരയിലുള്ള പള്ളിയിൽ വിശുദ്ധ സെബസ്ത്യനോസിന്റെ സ്വരൂപം പ്രതിഷ്ഠിച്ചുകൊള്ളാമെന്ന് തീരുമാനിക്കുകയും ചെയ്തു. അങ്ങനെ സുരക്ഷിതമായി കപ്പൽ അടുത്തത് അർത്തുങ്കൽ വി. അന്ത്രയോസിന്റെ ദൈവാലയ നടയിലായിരുന്നുവെന്നും അങ്ങനെയാണ് വിശുദ്ധ സെബസ്ത്യനോസിന്റെ രൂപം ഇവിടെ എത്തിയതെന്നും വിശ്വസിക്ക പ്പെട്ടുവരുന്നു. അങ്ങനെ 1647-ൽ വിശുദ്ധ സെബസ്ത്യനോസിന്റെ രൂപം അർത്തുങ്കൽ പള്ളിയിൽ പ്രതിഷ്ഠിക്കപ്പെട്ടു. ഈ സംഭവവും പ്രതിഷ്ഠയും പിൽക്കാലത്ത് അർത്തുങ്ക ലിന്റെ പ്രശസ്തി വർദ്ധിപ്പിച്ചു.

പൗലീനസ് സാൻ ബർത്തലോമിയ എന്ന ജർമ്മൻ പണ്ഡിതൻ 1776 മുതൽ 1789 വരെ മലബാറിൽ താമസിച്ചിരുന്നു അദ്ദേഹം 1777-ൽ അർത്തുങ്കൽ പെരുനാളിന് അർത്തുങ്കലെത്തി. ഈ പണ്ഡിതൻ കൊച്ചിക്ക് തെക്കുള്ള പള്ളികളിൽ അർത്തുങ്കൽ സന്തന്ദ്രെ ദൈവാലയത്തിന് പ്രഥമസ്ഥാനമുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത്. 18-ാം നൂറ്റാണ്ടിന്റെ സമാപനത്തോടുകൂടി മൂത്തേടത്ത് രാജവംശം നശിക്കുകയും ജന്മികളും ഭൂവുടമകളുമായി അനേകം ക്രൈസ്തവർ ഉയർന്നു വരുകയും ചെയ്തു. മൂത്തേടത്ത് രാജ കുടുംബത്തിലെ ഒരു വിഭാഗം അർത്തുങ്കൽ പള്ളിയിൽ വച്ച് ക്രിസ്തുമതം സ്വീകരിക്കുകയുമുണ്ടായി. അന്ന് ഇവിടെ താമസിച്ചിരുന്ന വാഴ്ത്തപ്പെട്ട ചാവറ കുര്യക്കോസ് എലീയാസച്ചൻ വരാപ്പുഴ മെത്രാൻ റൈറ്റ്. റവ. ഡോക്ടർ സ്റ്റബിലീറ്റിനിൽ നിന്നാണ് വൈദികപട്ടം സ്വീകരിച്ചത്.

19-ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലാണ് കൊച്ചി രൂപതയിലെ നാട്ടുകാരായ വൈദികർ അർത്തുങ്കൽ പള്ളിയുടെ വികാരി പദം അലങ്കരിക്കുവാൻ തുടങ്ങിയത്. നാട്ടുകാരായ ആദ്യത്തെ വികാരി ഫാദർ ഗാസ്പർ ബൈലൻ ഡി മരിയാത്തോറീസ് ആയിരുന്നു. അദ്ദേഹത്തിനുശേഷം വന്ന ഫാദർ വിൻസെന്റ് നേവീസിന്റെ കാലത്താണ് പഴയ പള്ളിയുടെ മുഖവാരവും തട്ടും മണിമാളികയും അതോട് ചേർന്ന് വടക്കോട്ടുള്ള വലിയ മേടയും തെക്കുവശത്തായിരുന്ന സെമിത്തേരി മാറ്റി പണിയപ്പെട്ടത്. 1910-ൽ ആണ് പുതിയ കരിങ്കൽ പള്ളിയുടെ അടിസ്ഥാനവും ബെയ്സ്മെന്റും പണിതത്. കരിങ്കല്ലുകൾ മനോഹരമായി ചെത്തി മിനുക്കി വിദഗ്ദമായി പണി ചെയ്തിട്ടുള്ള ബൃഹത്തായ ഈ ദൈവാലയം 1967 സെപ്തംബർ 24-ാം തീയതി രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മൈക്കിൾ ആറാട്ടുകുളം തിരുമേനി ജനസമൂഹത്തിനായി പ്രതിഷ്ഠിച്ചു നല്കി.

അങ്ങനെ ഈ ദൈവാലയത്തിന്റെ 429 കൊല്ലത്തെ പൗരാണികതയും വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാളിന്റെ 363 കൊല്ലത്തെ പാരമ്പര്യവും കണക്കിലെടുത്താണ് ഈ ദൈവാലയത്തെ റോമിലെ ആരാധനക്രമത്തിന്റയും കൂദാശ പരികർമ്മത്തിന്റെയും തിരുസംഘം പരിശുദ്ധ പിതാവിന്റെ അംഗീകാരത്തോടെ ഒരു ബസിലിക്കയായി ഉയർത്തിയതെന്നതിൽ നമുക്കെല്ലാവർക്കും അതിയായ അഭിമാനവും സന്തോഷവും ഉണ്ട്. നല്ലവനായ ദൈവത്തിന് ഇത്തരുണത്തിൽ കൃതജ്ഞത അർപ്പിക്കുന്നതൊടൊപ്പം പരിശുദ്ധ പിതാവിനോടും ബന്ധപ്പെട്ട തിരുസംഘത്തോടും നമുക്കുള്ള നന്ദിയും കടപ്പാടും അറിയി ക്കുന്നു.

ഈ ആഘോഷങ്ങളുടെയെല്ലാം ഫലമായി നമ്മുടെ സമൂഹത്തിലും ചുറ്റുമുള്ള പ്രദേശങ്ങളിലും എല്ലാ വിഭാഗം ജനങ്ങൾക്കും കൂടുതൽ നന്മയും സമാധാനവും ഐശ്വര്യവും ഉണ്ടാകുവാനായി പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യാം. അതിനുള്ള ദൈവകൃപ എല്ലാവരിലും സമൃദ്ധമായി ചൊരിയപ്പെടട്ടെയെന്ന് ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

ആലപ്പുഴ
09-10-2010

**ബിഷപ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ**
ആലപ്പുഴ രൂപതാ മെത്രാൻ